# ഫ്രഞ്ച് വിപ്ലവം

ഫ്രഞ്ച് വിപ്ലവം നടന്നത് - **1789** (പതിനെട്ടാം നൂറ്റാണ്ട്)

വിപ്ലവങ്ങളുടെ മാതാവ് എന്നറിയപ്പെടുന്നു.

ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായ വിപ്ലവം - അമേരിക്കൻ വിപ്ലവം

ഫ്രഞ്ച് വിപ്ലവ സമയത്ത് ഫ്രാൻസ് ഭരിച്ചിരുന്ന രാജവംശം

- ബൂർബൻ രാജവംശം

"ഞാനാണ് രാഷ്ട്രം" എന്ന് പ്രഖ്യാപിച്ച ഫ്രഞ്ച് ചക്രവർത്തി - ലൂയി **14**

"എനിക്ക് ശേഷം പ്രളയം" എന്ന് പ്രഖ്യാപിച്ച ഫ്രഞ്ച് ചക്രവർത്തി

- ലൂയി **15**

സപ്തവത്സര യുദ്ധം നടക്കുമ്പോൾ ഫ്രാൻസിലെ ചക്രവർത്തി - ലൂയി **15**

ഫ്രഞ്ച് വിപ്ലവം നടക്കുന്ന സമയത്ത് ഫ്രാൻസിലെ ചക്രവർത്തി- ലൂയി **16**

ഫ്രഞ്ച് വിപ്ലവകാരികളാൽ കൊല്ലപ്പെട്ട ഫ്രാൻസിലെ ചക്രവർത്തി

- ലൂയി **16**

ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട ഡയമണ്ട് നെക്ലസ് വിവാദം/വൈഡൂര്യ മാല വിവാദം നേരിട്ട ഫ്രാൻസിലെ റാണി

- ലൂയി പതിനാറാമന്റെ ഭാര്യ മേരി അന്റോയ്നെറ്റ്

"നിങ്ങൾക്ക് റൊട്ടി ഇല്ലെങ്കിലെന്താ കേക്ക് ഉണ്ടല്ലോ" എന്ന വിവാദ പ്രസ്താവന നടത്തിയത് - മേരി അന്റോയ്നെറ്റ്

പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും നികുതിയുണ്ടായിരുന്നില്ല.

super notes. by CIVILIANZ
+91 8281 223 366

പുരോഹിതന്മാരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ പുരോഹിതർക്ക് കൊടുക്കേണ്ടി വന്ന നികുതി - ടൈഥ്

കർഷകർ സർക്കാറിന് കൊടുത്തിരുന്ന നികുതി - തായ്ൽ

ഫ്രാൻസിനെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ വേണ്ടി ജനങ്ങളുടെ സഹായത്തിനായി ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്ററായ സ്റ്റേറ്റ് ജനറൽ **170** വർഷങ്ങൾക്കുശേഷം **1789**ല് വിളിച്ചുചേർത്തു.

സ്റ്റേറ്റ് ജനറലിലെ പ്രതിനിധികൾ മൂന്ന് വിഭാഗത്തെ പ്രതിനിധീകരിക്കുന്നു. പുരോഹിത വർഗ്ഗം - ഫസ്റ്റ് എസ്റ്റേറ്റ്

പ്രഭുക്കന്മാർ - സെക്കൻഡ് എസ്റ്റേറ്റ്

കർഷകർ ഉൾപ്പെടുന്ന സാധാരണ ജനങ്ങൾ - തേർഡ് എസ്റ്റേറ്റ്

സ്റ്റേറ്റ് ജനറൽ വിളിച്ചു കൂട്ടിയപ്പോൾ വോട്ടെടുപ്പിൻറെ പേരിൽ നടന്ന തർക്കത്തിന് ഫലമായി ഫസ്റ്റ് എസ്റ്റേറ്റും സെക്കൻഡ് എസ്റ്റേറ്റും രാജാവും ചേർന്ന് തേർഡ് എസ്റ്റേറ്റിനെതിരെ നിലപാടെടുക്കുകയും അവരെ പാർലമെന്റിൽ നിന്നും പുറത്താക്കുകയും ചെയ്തു.

പുറത്താക്കപ്പെട്ട പ്രതിനിധികൾ ഒരു ടെന്നീസ് കോർട്ടിൽ ഒത്തുകൂടി അവിടെവച്ച് ഒരു പ്രതിജ്ഞ എടുക്കുന്നു – 'ഫ്രാൻസിന് ഒരു ഭരണഘടന ഉണ്ടാവുന്നതുവരെ പിരിഞ്ഞു പോവില്ല' - ടെന്നീസ് കോർട്ട് പ്രതിജ്ഞ **1789** ജൂൺ **20**

പുറത്താക്കപ്പെട്ട പ്രതിനിധികളുടെ പ്രവർത്തനത്തിലൂടെ ഒരു വിഭാഗം പ്രഭുക്കന്മാരും പുരോഹിതന്മാരും അവരോടൊപ്പം ചേരുകയും തേർഡ് എസ്റ്റേറ്റ് ഫ്രാൻസിലെ പരമാധികാര ശക്തിയായി മാറുകയും ചെയ്തു.

**1789** ജൂലൈ **14** ല് നടന്ന പ്രകടനത്തിൻറെയും പ്രക്ഷോഭത്തിൻറെയും ഫലമായി ബൂർബൻ രാജവംശത്തിൻറെ സ്വേച്ഛാധിപത്യത്തിൻറെ പ്രതീകമായ ബാസ്റ്റിൽ കോട്ട ഇടിച്ചുനിരത്തി തടവുകാരെ വിപ്ലവകാരികൾ മോചിപ്പിച്ചു.ഇതറിയപ്പെടുന്നത് - ബാസ്റ്റിൽ കോട്ട ആക്രമണം

ഫ്രാൻസ് സ്വാതന്ത്ര്യ ദിനം ആചരിക്കുന്നത് - ജൂലൈ **14**

WHATSAPP TELEGRAM INSTAGRAM YOUTUBE

തേർഡ് എസ്റ്റേറ്റ് പ്രതിനിധീകരിക്കുന്ന ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം നടത്തിത് - **1789** ഓഗസ്റ്റ് **12**

[ "സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യന് സമത്വത്തോടെ,സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശമുണ്ട്" ]

ഫ്രാൻസ് റിപ്പബ്ലിക്കായത് - **1792**

പ്രതി വിപ്ലവവും ആഭ്യന്തര കലാപങ്ങളും അമർച്ച ചെയ്യാനായി ദേശീയ അസംബ്ലി പൊതുസുരക്ഷാ കമ്മിറ്റിക്ക് രൂപം നൽകി.പൊതുസുരക്ഷാ കമ്മിറ്റിയുടെ തലവനായി നിയമിക്കപ്പെട്ടത് - റോബിസ്പിയർ

ഫ്രാൻസിൽ ഭീകരവാഴ്ച നടന്ന കാലഘട്ടം – **1793 - 1794**

ഗില്ലറ്റിന് ഉപയോഗം നടന്നത് ഈ കാലഘട്ടത്തിൽ ആണ്.

നെപ്പോളിയൻ ഫ്രാൻസിന്റെ ഭരണാധികാരി ആവുന്നത് – **1799** നെപ്പോളിയൻ ഫ്രാൻസിന്റെ ചക്രവർത്തി ആയത് - **1804**

നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട സാമ്പത്തിക നയം **- continental** വ്യവസ്ഥ

ഇംഗ്ലണ്ടിനെതിരെ നെപ്പോളിയൻ ആവിഷ്കരിച്ച വാണിജ്യ നയം

**- continental** വ്യവസ്ഥ

നെപ്പോളിയൻ യൂറോപ്യൻ രാജ്യങ്ങളോട് യുദ്ധം ചെയ്തത് **- Continental** വ്യവസ്ഥ നടപ്പിലാക്കാൻ

നെപ്പോളിയൻ പരാജയപ്പെട്ട യുദ്ധം - ട്രഫാൾഗർ **(1805)**

യുദ്ധത്തിൽ നെപ്പോളിയനെ പരാജയപ്പെടുത്തിയ ബ്രിട്ടീഷ് ജനറൽ

- നെൽസൺ

**1815** ല് നെപ്പോളിയൻ പരാജയപ്പെട്ട യുദ്ധം - വാട്ടർലൂ യുദ്ധം (വാട്ടർലൂ - ബെൽജിയം)

പരാജയപ്പെടുത്തിയത് - ആർതർ വെല്ലസ്ലി

നെപ്പോളിയനെ നാടുകടത്തിയ ദ്വീപ് - സെന്റ് ഹെലേന

1821 ല് നെപ്പോളിയൻ അന്തരിച്ചത് സെന്റ് ഹെലേന ദ്വീപിൽ വച്ച് (നെപ്പോളിയൻ ജനിച്ച ദ്വീപ് - കോഴ്സിക്കാ 1769)

"എനിക്ക് നല്ല അമ്മമാരെ തരൂ ഞാൻ നിങ്ങൾക്ക് നല്ല രാഷ്ട്രം തരാം" എന്ന് ആഹ്വാനം ചെയ്തത് - നെപ്പോളിയൻ

ഫ്രഞ്ച് വിപ്ലവത്തിൻറെ പുത്രൻ,ഫ്രഞ്ച് വിപ്ലവത്തിൻറെ ശിശു എന്നറിയപ്പെടുന്നത് - നെപ്പോളിയൻ

"ഞാനാണ് വിപ്ലവം" എന്ന് പറഞ്ഞ ഫ്രഞ്ച് ചക്രവർത്തി - നെപ്പോളിയൻ

ഫ്രാൻസിലെ ജസ്റ്റിനിയൻ എന്നറിയപ്പെടുന്നത് - നെപ്പോളിയൻ

ഫ്രാൻസിന്റെ പൊതു കടം ഇല്ലാതാക്കാൻ നെപ്പോളിയൻ കൊണ്ട് വന്ന ഫണ്ട് - സിങ്കിംഗ് ഫണ്ട്

ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചത് - നെപ്പോളിയൻ

ഫ്രാൻസിന് മികച്ച ഒരു ഭരണഘടന ഉണ്ടാക്കിക്കൊടുത്തത്- നെപ്പോളിയൻ

ഫ്രഞ്ച് വിപ്ലവത്തിനെ സ്വാധീനിച്ച ചിന്തകർ

- വോൾട്ടയർ, റൂസ്സോ, മോണ്ടെസ്ക്യൂ

ഫ്രാൻസിൽ യുക്തി ചിന്തക്ക് പ്രാധാന്യം കൊടുത്ത ചിന്തകൻ

- വോൾട്ടയർ

പൗരോഹിത്യത്തിനെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്ത ചിന്തകൻ - വോൾട്ടയർ

"ദൈവം ഇല്ലെങ്കിൽ നമുക്ക് ഒരു ദൈവത്തെ സൃഷ്ടിക്കേണ്ടി വരും" എന്ന് പറഞ്ഞ ദാർശനികൻ - വോൾട്ടയർ

സോഷ്യൽ കോൺട്രാക്ട്/സാമൂഹിക ഉടമ്പടി രചിച്ചത് - റൂസോ

"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു ഇന്നവൻ എല്ലായിടത്തും ചങ്ങലയിലാണ്" എന്ന പ്രസിദ്ധ വാചകം - റൂസോ

ഫ്രാൻസിൽ നിയന്ത്രിത രാജ വാഴ്ചയ്ക്ക് വേണ്ടി നിലകൊണ്ട ദാർശനികൻ - മോണ്ടെസ്ക്യൂ

ജനാധിപത്യത്തിനും റിപ്പബ്ലിക്കിനും വേണ്ടി നിലകൊണ്ട ചിന്തകൻ

- മോണ്ടെസ്ക്യൂ

ഫ്രഞ്ച് വിപ്ലവത്തിന് മുദ്രാവാക്യം

- സമത്വം സ്വാതന്ത്ര്യം സാഹോദര്യം

**Reflection on the revolution in france** എന്ന കൃതി രചിച്ചത്

- എഡ്മണ്ട് ബർക്ക്(ഇംഗ്ലീഷ് ചിന്തകൻ )

[ ഫ്രഞ്ച് വിപ്ലവ സമയത്ത്(**1793 – 1794)** നടന്ന നരനായാട്ടിനെ വിമർശിച്ചുകൊണ്ട് എഴുതിയ പുസ്തകം]

ഫ്രഞ്ച് വിപ്ലവത്തിനെ അനുകൂലിച്ച കൊണ്ട് എഴുതപ്പെട്ട പുസ്തകം

- ഹ്യൂമൻ റൈറ്റ്സ് (തോമസ് പെയിൻ)

ടെയിൽ ഓഫ് ടു സിറ്റീസ് - ചാൾസ് ഡിക്കൻസ് (ലണ്ടൻXപാരീസ്)

ഫ്രഞ്ച് വിപ്ലവത്തിന് അനുഭാവം പ്രഖ്യാപിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിൻറെ വൃക്ഷം നട്ട ഭരണാധികാരി - ടിപ്പുസുൽത്താൻ (ശ്രീരംഗപട്ടണം)

super notes. by CIVILIANZ
+91 8281 223 366

ഫ്രഞ്ച് വിപ്ലവ സമയത്ത് ആശയങ്ങൾക്കു വേണ്ടി നിലകൊണ്ടിരുന്ന രണ്ട് ക്ലബ്ബുകൾ - ജാക്കോബിയൻ, ജെറോണ്ടിസ്റ്റ്

ജാക്കോബിയൻ ക്ലബ്ബിൽ അംഗമായ ഇന്ത്യയിലെ ഭരണാധികാരി

- ടിപ്പുസുൽത്താൻ

"ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിന് ജലദോഷം പിടിക്കും" എന്ന് പറഞ്ഞ ആസ്ട്രിയൻ ഭരണാധികാരി – മെറ്റേർണിക്ക്

WHATSAPP TELEGRAM INSTAGRAM YOUTUBE